# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 188 — 04.10.2016- ൽ മറുപടിക്ക്

**സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും കർമ്മ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**" മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി. ഇ.എസ്.ബിജിമോൾ**<br>**" സി.കെ. ആശ** | **ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും ഊന്നൽ നല്കികൊണ്ടുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സർക്കാർ തയ്യാറാകുമോ; | (എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും ഊന്നൽ നല്കിക്കൊണ്ടുള്ള കർമ്മ പദ്ധതികൾ ഇതിനകം തന്നെ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത കർമ്മ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗിന്റെ ഭാഗമായി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്, എൻ.ഇ.എഫ്.റ്റി മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തി വരുന്നത്. സഹകരണ മേഖലയുടെ ആധുനികവൽക്കരണം സംബന്ധിച്ച് രൂപീകൃതമായ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സഹകരണ സ്ഥാപനങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ഭരണസമിതികളിൽ പ്രൊഫഷണലുകളെ ഉൾക്കൊള്ളിക്കുന്നതിന്റെ ഭാഗമായി അർബൻ സഹകരണ ബാങ്കുകളുടെ ഭരണ സമിതിയിൽ പ്രൊഫഷണൽ യോഗ്യതയുള്ള 2 പേരെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

97-ാം ഭരണഘടനാഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് കേരള നിയമസഭ പാസാക്കിയ 2013 ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിലെ (2013 ലെ 8-ാം നമ്പർ നിയമം) വകുപ്പ് 28 -ൽ എല്ലാ സഹകരണ സംഘങ്ങളിലും അതാത് സംഘങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യത്തിനനുസൃതമായി പ്രൊഫഷണൽ യോഗ്യതയുള്ളവരെ കോ-ഓപ്റ്റ് ചെയ്യാൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| സി) ബാഹ്യ ഏജൻസികളുടെ സഹകരണം തേടിയായിരിക്കുമോ പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കുമോ; വിശദമാക്കുമോ? | (സി) നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ വിപ്രോയുടെ സാങ്കേതിക സഹകരണത്തോടുകൂടിയും മറ്റ് ജില്ലാ സഹകരണ ബാങ്കുകളിൽ ഇൻഫോസിസ്, റ്റി.സി.എസ് മുതലായ ഏജൻസികളുടെ സഹകരണത്തോടെയും **CBS** (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിലാക്കിയിട്ടുണ്ട്. അർബൻ ബാങ്കുകളിൽ ചിലവ NAFCUB ന്റെ ആഭിമുഖ്യത്തിലും മറ്റുള്ളവ സ്വന്തമായിട്ടുമാണ് കോർബാങ്കിംഗ് നടപ്പിലാക്കി വരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളിലും സർവ്വീസ് സഹകരണ ബാങ്കുകളിലും സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ടുള്ള കോർ ബാങ്കിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ആധുനികവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും സോഫ്റ്റ്-വെയറിന്റെ സുരക്ഷയും നിലവാരവും ഉറപ്പു വരുത്തുന്നതിനുമുള്ള നടപടി അന്തിമഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**